# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.3619 15.07.2015-ൽ മറുപടിയ്ക്ക്

## ബാവിക്കര റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണവും ശുദ്ധജല വിതരണവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് : | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വേനൽക്കാലത്ത് ഉപ്പുവെള്ളം കുടിക്കേണ്ടിവരുന്ന ദുരവസ്ഥയിൽ നിന്നും കാസർഗോഡിനെ മോചിപ്പിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) വേനൽക്കാലത്ത് നദികളിൽ ഉപ്പുവെള്ളം കയറുന്നത് തടയാൻ കാസർഗോഡ് ജില്ലയിൽ ബാവിക്കര റഗുലേറ്റർ, പാണ്ടിക്കണ്ടം ആർ.സി.ബി, നമ്പിയാർക്കൽ SWECB എന്നീ പ്രധാന പദ്ധതികൾ ജലസേചന വകുപ്പ് നടപ്പിലാക്കി വരുന്നു. |
| (ബി) ബാവിക്കര റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം ഏത് ഉദ്ദേശ്യത്തോടെ എപ്പോഴാണ് തുടങ്ങിയത്; ഇപ്പോൾ പ്രവൃത്തി തുടരുന്നുണ്ടോ; എങ്കിൽ എപ്പോൾ പൂർത്തീകരിക്കും; ഇല്ലെങ്കിൽ പ്രവൃത്തി സ്തംഭനാവസ്ഥയിലാകാനുള്ള കാരണമെന്താണ്; | (ബി) ബാവിക്കര റഗുലേറ്റർ കം ബ്രിഡ്ജിന്റെ പ്രവൃത്തി കാസർഗോഡ് ജില്ലയിലെ 407 ഹെക്ടർ സ്ഥലത്തെ കൃഷിക്കു വേണ്ടിയുള്ള ജലസേചനത്തിനും കുടിവെള്ളം ലഭ്യമാക്കുന്നതിനുമായിട്ടാണ് 2005 ൽ ആരംഭിച്ചത്. പ്രസ്തുത പദ്ധതിയുടെ പ്രവൃത്തി താത്കാലികമായി നിർത്തി വച്ചിരിക്കുകയാണ്. സൈറ്റ് കണ്ടീഷനിലുണ്ടായ ചില അപ്രതീക്ഷിത വ്യതിയാനങ്ങൾ കാരണം രൂപകല്പ്പനയിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമായിവന്നു. ഇപ്രകാരം അപ്രതീക്ഷിത സാങ്കേതിക കാരണങ്ങളാലാണ് പദ്ധതിയുടെ പ്രവൃത്തി പുരോഗതിയിൽ തടസ്സം നേരിട്ടത്. പുതുക്കിയ രൂപകൽപ്പന പ്രകാരമുള്ള റിവൈസ്ഡ് എസ്റ്റിമേറ്റിന് സർക്കാർ |

| | | | |
|---|---|---|---|
| | | | ഉത്തരവ് (സാധാ) നം.193/2015/ഡബ്ല്യൂ ആർ.ഡി തീയതി 18.03.2015 പ്രകാരം 12.83 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. 25.06.2015 ൽ കൂടിയ ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നല്കി സാങ്കേതികാനുമതി നല്കിയിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | അടുത്ത വേനൽ കാലത്ത് ശുദ്ധജലം ലഭിക്കുന്നത് ഉറപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്ത മാക്കാമോ? | (സി) | മേൽ സൂചിപ്പിച്ച പദ്ധതികളുടെ പ്രവൃത്തികൾ പൂർത്തീകരിച്ച് ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീക രിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**